**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6303** **10-11-2021 - ൽ മറുപടിയ്ക്ക്**

**റസ്റ്റ് ഹൗസുകളുടെ ആധുനികവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri P. A. Mohamed Riyas**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് കീഴിൽ എത്ര റസ്റ്റ് ഹൗസുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് കീഴിൽ 153 റസ്റ്റ് ഹൗസുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ച് ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | റസ്റ്റ് ഹൗസുകൾ ആധുനികവത്കരിക്കുന്നതിനും, ഇവയുടെ പ്രയോജനം കൂടുതലായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | റസ്റ്റ് ഹൗസുകൾ ആധുനികവത്കരിക്കുന്നതിന്റെയും ഇവയുടെ പ്രയോജനം കൂടുതലായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന്റെയും ഭാഗമായി എല്ലാ റസ്റ്റ് ഹൗസുകളും പൊതുജനങ്ങൾക്ക് എളുപ്പം പ്രാപ്യമാകുന്നതിനുവേണ്ടി 2021 നവംബർ ഒന്നാം തീയതി മുതൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി resthousepwd.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന പൊതുജനങ്ങൾക്കും റൂമുകൾ ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി അവയെ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടൂറിസം മേഖലയിലെ സാദ്ധ്യത കണക്കിലെടുത്ത് സ്ഥല സൗകര്യമുള്ള തെരഞ്ഞെടുക്കപ്പെട്ട 25 റസ്റ്റ് ഹൗസുകളെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തി നവീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കെ.റ്റിഡി.സി മാനേജിംഗ് ഡയറക്ടറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി ഫോർട്ട് കൊച്ചി റസ്റ്റ് ഹൗസ് നവീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ച് വരുന്നു. റസ്റ്റ് ഹൗസുകളിൽ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ടൂറിസം വികസനത്തിന് അനുയോജ്യമാകും വിധം കുറഞ്ഞ ചെലവിൽ നവീകരിച്ച് പരിപാലിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. ഇതിലൂടെ റസ്റ്റ് ഹൗസുകളുടെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സാധിക്കുന്നതാണ്. കൂടാതെ വരുമാന വർദ്ധനവും ലക്ഷ്യമിടുന്നു. വിനോദസഞ്ചാരികൾക്ക് താമസസൗകര്യം ഏർപ്പെടുത്തുന്നതിനായി ടൂറിസം സാദ്ധ്യത മേഖലകളിലെ തിരഞ്ഞെടുക്കപ്പെട്ട റസ്റ്റ് ഹൗസുകൾ പൊതുമരാമത്ത് വകുപ്പ് ചീഫ് ആർക്കിടെക്റ്റിന്റെ നേതൃത്വത്തിൽ പരിശോധന നടത്തി സമ്പൂർണ്ണ വികസനത്തിനായുള്ള പദ്ധതി തയ്യാറാക്കി വരുന്നു. |
| (സി) | ടൂറിസം സ്പോട്ടുകളിലും, കൂടുതൽ സന്ദർശകർ എത്തുന്ന ഇടങ്ങളിലും ഉന്നത നിലവാരത്തിലുള്ള റസ്റ്റ് ഹൗസുകൾ സ്ഥാപിച്ച് കൂടുതൽ വരുമാനമുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | റസ്റ്റ് ഹൗസുകൾ ആധുനികവത്കരിക്കുന്നതിന്റെയും ഇവയുടെ പ്രയോജനം കൂടുതലായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന്റെയും ഭാഗമായി എല്ലാ റസ്റ്റ് ഹൗസുകളും പൊതുജനങ്ങൾക്ക് എളുപ്പം പ്രാപ്യമാകുന്നതിനുവേണ്ടി 2021 നവംബർ ഒന്നാം തീയതി മുതൽ ഓൺലൈൻ ബുക്കിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി resthousepwd.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന പൊതുജനങ്ങൾക്കും റൂമുകൾ ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി അവയെ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടൂറിസം മേഖലയിലെ സാദ്ധ്യത കണക്കിലെടുത്ത് സ്ഥല സൗകര്യമുള്ള തെരഞ്ഞെടുക്കപ്പെട്ട 25 റസ്റ്റ് ഹൗസുകളെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ എല്ലാ സൗകര്യങ്ങളും ഏർപ്പെടുത്തി നവീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കെ.റ്റി.ഡി.സി മാനേജിംഗ് ഡയറക്ടറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി ഫോർട്ട് കൊച്ചി റസ്റ്റ് ഹൗസ് നവീകരണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ച് വരുന്നു. റസ്റ്റ് ഹൗസുകളിൽ നിലവിലുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ടൂറിസം വികസനത്തിന് അനുയോജ്യമാകും വിധം കുറഞ്ഞ ചെലവിൽ നവീകരിച്ച് പരിപാലിക്കുക എന്നതാണ് ഉദ്ദേശിക്കുന്നത്. ഇതിലൂടെ റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സാധിക്കുന്നതാണ്. കൂടാതെ വരുമാന വർദ്ധനവും ലക്ഷ്യമിടുന്നു. വിനോദസഞ്ചാരികൾക്ക് താമസസൗകര്യം ഏർപ്പെടുത്തുന്നതിനായി ടൂറിസം സാദ്ധ്യത മേഖലകളിലെ തിരഞ്ഞെടുക്കപ്പെട്ട റസ്റ്റ് ഹൗസുകൾ പൊതുമരാമത്ത് വകുപ്പ് ചീഫ് ആർക്കിടെക്റ്റിന്റെ നേതൃത്വത്തിൽ പരിശോധന |

| | | | |
|---|---|---|---|
| | | | നടത്തി സമ്പൂർണ്ണ വികസനത്തിനായുള്ള പദ്ധതി തയ്യാറാക്കി വരുന്നു. |
| (ഡി) | നിലവിലുള്ള റസ്റ്റ് ഹൗസുകളുടെ തൽസ്ഥിതി പരിശോധിക്കുന്നതിനും, വൃത്തിഹീനമായിക്കിടക്കുന്നവ വൃത്തിയാക്കി മോടിപിടിപ്പിച്ച് കൂടുതൽ ജനങ്ങളെ ആകർഷിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | നിലവിലുള്ള റസ്റ്റ് ഹൗസുകളുടെ തൽസ്ഥിതി പരിശോധിക്കുന്നതിനും വൃത്തിഹീനമായിക്കിടക്കുന്നവ വൃത്തിയായി മോടിപിടിപ്പിച്ച് ജനങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിനും എല്ലാ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ റസ്റ്റ് ഹൗസുകളും ദിനംപ്രതി തൽസ്ഥിതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. റസ്റ്റ് ഹൗസുകൾ മോടിപിടിപ്പിക്കുന്ന പ്രവർത്തനങ്ങൾ ആവശ്യാനുസരണം നടപ്പിലാക്കിയും വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| Sl. No. | District | No. of Rest House in each Division |
|---|---|---|
| 1 | Thiruvananthapuram | 9 |
| 2 | Kollam | 12 |
| 3 | Pathanamthitta | 9 |
| 4 | Kottayam | 10 |
| 5 | Alappuzha | 8 |
| 6 | Ernakulam | 16 |
| 7 | Thrissur | 9 |
| 8 | Idukki | 11 |
| 9 | Palakkad | 14 |
| 10 | Malappuram | 18 |
| 11 | Kozhikode | 10 |
| 12 | Kannur | 12 |
| 13 | Wayanad | 7 |
| 14 | Kasargode | 8 |
| | **Total** | **153** |